# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3300** **11.05.2017- ൽ മറുപടിക്ക്**

## കൈത്തറി മേഖലയുടെ പരിരക്ഷയും ഉൽപ്പന്നങ്ങളുടെ വിപണനവും

**ചോദ്യം**
**ശ്രീ.എം.സ്വരാജ്**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്തെ കൈത്തറി വ്യവസായ മേഖലയെ പരിരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(എ) സംസ്ഥാനത്തെ കൈത്തറി മേഖല പരിരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി.
2) പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.
3) ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.
4) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.
5) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.
6) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ് ഇൻക്യൂബേറ്റർ.
7) നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദനപരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം.
8) കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ.
9) അംശദാന സമ്പാദ്യ പദ്ധതി.
10) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന).
11) വിപണന കയറ്റുമതി പ്രോത്സാഹനം.
12) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും.
13) പരിശീലനം, നൈപുണ്യം, ശേഷി വികസനം.
14) കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.

(ബി) കൈത്തറി ഉത് പന്നങ്ങളുടെ വിപണന ത്തിന് സഹായകമാകുന്ന തരത്തിൽ വിനോദ സഞ്ചാരകേന്ദ്രങ്ങളോട് ചേർന്ന് വിപണന ശാലകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പരിശോധിക്കുന്നതാണ്.

(സി) കൈത്തറി ഉത് പന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുവെന്ന് അറിയിക്കുമോ?

(സി) കൈത്തറി ഉൽപന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനായി ജില്ലാതലത്തിൽ ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ പോലുള്ള ഉത്സവാവസരങ്ങളിൽ കൈത്തറി മേളകൾ നടത്താൻ ധനസഹായം അനുവദിക്കുന്നുണ്ട്. പ്രസ്തുത മേളകളിൽ പങ്കെടുക്കുന്ന സഹകരണസംഘങ്ങൾക്ക് ചെലവായ തുക പരമാവധി 10000/- രൂപയും ഹാന്റക്സ്, ഹാൻവീവിന് പരമാവധി 30000/- രൂപ വീതവും ഗ്രാന്റ് ആയി അനുവദിക്കുന്നുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ട്രേഡ് ഫെസ്റ്റിവലുകളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകളിൽ സംഘങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു. ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുത്ത് ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നു.

**സെക് ഷൻ ഓഫീസർ**